പതിമൂന്നാം കേരള നിയമസഭ

പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 2784 19.06.2014 ൽ മറുപടിക്ക്

ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ. റോഷി അഗസ്റ്റിൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(ബഹു.റവന്യൂവും കയറും വകുപ്പുമന്ത്രി) |
|---|---|
| (എ) ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനം എന്നു മുതലാണ് ആരംഭിച്ചത്; ഏതെല്ലാം തസ്തികകളാണ് നിലവിൽ സൃഷ്ടിക്കപ്പെട്ടിട്ടുള്ളത്; വ്യക്തമാക്കുമോ; | (എ) 2014 ഫെബ്രുവരി 22 ന് ഇടുക്കി താലൂക്കിന്റെ പ്രവർത്തനം ആരംഭിച്ചു. തഹസിൽദാർ (02 എണ്ണം,) ഡെപ്യൂട്ടി തഹസിൽദാർ (10 എണ്ണം) എച്ച്.സി (01 എണ്ണം), ക്ളാർക്ക്/സീനിയർ ക്ളാർക്ക് (36 എണ്ണം) എൽ.ഡി. ടൈപ്പിസ്റ്റ്/ യു.ഡി ടൈപ്പിസ്റ്റ് (02 എണ്ണം), ഡ്രൈവർ (01 എണ്ണം), അറ്റൻഡർ (01 എണ്ണം) പി.റ്റി.എസ് (01 എണ്ണം) എന്നിവയാണ്. പുതിയതായി രൂപീകരിച്ച ഇടുക്കി താലൂക്കിൽ സൃഷ്ടിച്ച തസ്തികകൾ കൂടാതെ നാല് ഓഫീസ് അറ്റൻഡർമാരേയും രണ്ട് സർവ്വേയർമാരേയും പുനർവിന്യാസത്തിൽ ഇടുക്കി താലൂക്ക് ഓഫീസിൽ നിയമിച്ചിട്ടുണ്ട്. |
| (ബി) പ്രസ്തുത ഓഫീസ് മുഖാന്തിരം എന്തെല്ലാം സേവനങ്ങളാണ് നിലവിൽ നൽകിവരുന്നത്; വിശദാംശങ്ങൾ നൽകുമോ; | (ബി) ചികിത്സാ ധനസഹായം, NFBS, CMDRF, പെൻഷൻ, പ്രകൃതി ക്ഷോഭ ദുരിതാശ്വാസം, വിവിധ സർട്ടിഫിക്കറ്റുകൾ തുടങ്ങിയവ നൽകിവരുന്നു. |
| (സി) ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ? | (സി) ഇടുക്കി താലൂക്ക് ഓഫീസിന്റെ പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കാൻ ഉള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ